**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **06-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് കർഷകർക്ക് നഷ്ടപരിഹാര തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | വന്യജീവികളുടെ ആക്രമണം മൂലമുള്ള കൃഷിനാശം സംഭവിച്ചവർക്ക് 1980 ലെ ദി കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. 05.04.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരമുള്ള നിരക്കിലാണ് നഷ്ടപരിഹാരം നൽകിവരുന്നത്. നിലവിലെ നിരക്ക് അനുബന്ധം-1 ആയി ചേർക്കുന്നു.<br><br>കൂടാതെ 08.01.2015 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 02/2015/വനം പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച നിരക്കുകൾ അനുബന്ധം-2ആയി ചേർക്കുന്നു. |
| (ബി) | നഷ്ടപരിഹാരത്തിനായി സമർപ്പിച്ച അപേക്ഷകളിൽ എന്ന് വരെയുള്ള അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെയും, നൽകിയ തുകയുടെയും വിശദ വിവരം സർക്കിൾ തിരിച്ച് അനുബന്ധം -3 ആയി ചേർക്കുന്നു. |
| (സി) | വിള നാശത്തിനുള്ള നഷ്ടപരിഹാര നിരക്ക് അവസാനമായി പരിഷ്കരിച്ചത് എന്നാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | വിളനാശത്തിന് അവസാനമായി 05.04.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. വിശദ വിവരം അനുബന്ധം -4 ആയി ചേർക്കുന്നു. |
| (ഡി) | കൃഷി ചെലവുകളും അനുബന്ധ ചെലവുകളും വർദ്ധിച്ച സാഹചര്യത്തിൽ നഷ്ടപരിഹാര നിരക്ക് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ? | (ഡി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| കഷ്ട നഷ്ടങ്ങളുടെസ്വഭാവം | നഷ്ട പരിഹാരതുക (രൂപ) |
| --- | --- |
| വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100%<br>(ഒരു വർഷത്തിൽ ഒരാൾക്ക് 4 തവണ അപേക്ഷിയ്ക്കാം - ഒരോ തവണയും പരമാവധി ഒരു ലക്ഷംരൂപ) |

# അനുബന്ധം -2

| കൃഷി | നഷ്ടപരിഹാരതുക (രൂപയിൽ) |
|---|---|
| നെല്ല് (ഹെക്ടറിന്) | 11000 |
| തെങ്ങ് (കായ്ക്കുന്നത് എണ്ണത്തിന്) | 770 |
| തെങ്ങ് (കായ്ക്കാത്തത് എണ്ണത്തിന്) | 385 |
| തെങ്ങ് (ഒരുവർഷത്തിന് താഴെയുള്ളത് എണ്ണത്തിന്) | 110 |
| വാഴ (കുലച്ചത് എണ്ണത്തിന്) | 110 |
| വാഴ (കുലയ്ക്കാത്തത് എണ്ണത്തിന്) | 83 |
| റബ്ബർ (വെട്ടുന്നത് എണ്ണത്തിന്) | 330 |
| റബ്ബർ (വെട്ടാത്തത് എണ്ണത്തിന്) | 220 |
| കശുമാവ് (കായ്ക്കുന്നത് എണ്ണത്തിന്) | 165 |
| കശുമാവ് (കായ്ക്കാത്തതും 3 വർഷത്തിനു മേൽ പ്രായമുള്ളവ എണ്ണത്തിന്) | 110 |
| കമുക് (കായ്ക്കുന്നത് എണ്ണത്തിന്) | 165 |
| കമുക് (കായ്ക്കാത്തത് എണ്ണത്തിന്) | 110 |
| കൊക്കൊ (കായ്ക്കുന്നത് എണ്ണത്തിന്) | 110 |
| കാപ്പി (ചെടി എണ്ണത്തിന്) | 110 |
| കുരുമുളക് (കായ്ക്കുന്നത് എണ്ണത്തിന്) | 83 |
| ഇഞ്ചി (10 സെന്റിന്) | 165 |
| മഞ്ഞൾ (10 സെന്റിന്) | 132 |
| മരച്ചീനി (2 മാസത്തിനു മേൽ പ്രായമുള്ളവ എണ്ണത്തിന്) | 165 |
| കപ്പലണ്ടി (1 ഹെക്ടറിന്) | 2200 |
| എള്ള് (50 സെന്റിന്) | 1320 |
| പച്ചക്കറികൾ (10 സെന്റിന്) | 220 |
| ജാതി (കായ്ക്കുന്നത് എണ്ണത്തിന്) | 440 |
| ജാതി (കായ്ക്കാത്തത് എണ്ണത്തിന്) | 165 |
| ഗ്രാമ്പ് (കായ്ക്കുന്നത് എണ്ണത്തിന്) | 220 |
| ഗ്രാമ്പ് (കായ്ക്കാത്തത് എണ്ണത്തിന്) | 110 |
| ഏലയ്ക്ക (ഹെക്ടർഒന്നിന്) | 2750 |
| വെറ്റില (സെന്റ്ഒന്നിന്) | 330 |
| പയറ്വർഗ്ഗങ്ങൾ (ഹെക്ടർഒന്നിന്) | 1100 |
| കിഴങ്ങ്വർഗ്ഗങ്ങൾ(10 സെന്റിന്) | 165 |
| കരിമ്പ് (ഹെക്ടർഒന്നിന്) | 2750 |
| കൈതച്ചക്ക (10 സെന്റിന്) | 825 |
| തീറ്റപ്പുല്ല് (10 സെന്റിന്) | 165 |
| മൽബറി (50 സെന്റിന്) | 825 |
| പുകയില (10 സെന്റിന്) | 1650 |
| പരുത്തി (10 സെന്റിന്) | 330 |

അനുബന്ധം -3

| സർക്കിൾ | നഷ്ടപരിഹാരം നൽകിയത് | തുക (രൂപയിൽ) | നഷ്ടപരിഹാരം നൽകാൻ അവശേഷിക്കുന്ന എണ്ണം | റിമാർക്സ് |
|---|---|---|---|---|
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 2020 - 31.01.2023 | 6,95,458 | ഇല്ല | |
| വൈൽഡ്ലൈഫ്, പാലക്കാട് | 2020 - 31.01.2023 | 2,20,45,000 | 342 | 2022-23 ലെ അപേക്ഷകൾ |
| വൈൽഡ്ലൈഫ്, കോട്ടയം | 2020 - 31.01.2023 | 9,79,842 | 1 | 2022-23 ലെ അപേക്ഷ |
| സതേൺ സർക്കിൾ, കൊല്ലം | 2020 -21 31.01.2023 | 22,24,000 | 497 | 2020-21 ലെ 48 അപേക്ഷകൾ, 2021-22 ൽ 149, 2022-23 ൽ 300. |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 2020 - 31.01.2023 | 16,31,432 | 322 | 2020-21 ലെ 9 അപേക്ഷകൾ, 2021-22 ൽ 69, 2022-23 ൽ 244. |
| സെൻട്രൽ സർക്കിൾ, തൃശൂർ | 2020 - 31.01.2023 | 96,20,000 | 640 | 2020-21 ലെ 15 അപേക്ഷകൾ, 2021-22 ൽ 153, 2022-23 ൽ 472. |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 2020 - 31.01.2023 | 7,05,74,000 | 3487 | 2019-20 ൽ 16, 2020-21 ലെ 515 അപേക്ഷകൾ, 2021-22 ൽ 1473, 2022-23 ൽ 1483. |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 2020 - 31.01.2023 | 4,74,13,000 | 1178 | 2019-20 ൽ 17, 2020-21 ലെ 60 അപേക്ഷകൾ, 2021-22 ൽ 285, 2022-23 ൽ 816. |

അനുബന്ധം -4

| കഷ്ട നഷ്ടങ്ങളുടെസ്വഭാവം | നഷ്ട പരിഹാരതുക (രൂപ) |
|---|---|
| വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100%<br>(ഒരു വർഷത്തിൽ ഒരാൾക്ക് 4 തവണ അപേക്ഷിയ്ക്കാം - പരമാവധി 1 ലക്ഷംരൂപ) |